സർവെ വകുപ്പിലെ ആധുനിക ഉപകരണങ്ങൾ

111 [1333] ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവെ വകുപ്പിൽ സ്ഥലം അളന്നു തിട്ടപ്പെടുത്തുന്നതിന് ചട്ടം അനുശാസിക്കുന്ന ഉപകരണങ്ങൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇപ്പോൾ ഏതെല്ലാം ഉപകരണങ്ങൾ ഉപയോഗിച്ചാണ് സർവെ നടത്തിവരുന്നതെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ ; ഇവ ഉപയോഗിച്ച് എന്നു മുതലാണ് സർവ്വെ ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരത്തിൽ ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ച് സർവെ നടത്തുന്നതിന് ആവശ്യമായ ഭേദഗതി ചട്ടങ്ങളിൽ വരുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ചട്ടം ഭേദഗതി വരുത്താതെ ഇത്തരം ഉപകരണങ്ങൾ ഉപയോഗിച്ച് സർവെ നടത്തിയാൽ ആയതിന് നിയമപ്രാബല്യം ഉണ്ടോ ;

(ഇ) സർവെ വകുപ്പിൽ ആധുനിക സർവെ ഉപകരണങ്ങൾ എത്ര രൂപയ്ക്ക് വീതം വാങ്ങിയെന്നും, ഏതെല്ലാം വാങ്ങിയിട്ടുണ്ടെന്നും, ഇനം തിരിച്ച് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സർവെ അതിരടയാള ചട്ടങ്ങളിൽ നീള അളവുകളുടെയും കോണളവുകളുടെയും അടിസ്ഥാനത്തിൽ സർവെ മാപ്പ് തയ്യാറാക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ ഏതൊക്കെ ഉപകരണങ്ങളാണ് ഉപയോഗിക്കേണ്ടത് എന്ന് ചട്ടത്തിൽ പ്രത്യേകിച്ച് പ്രതിപാദിക്കുന്നില്ല.

(ബി) ചെയിൻ, ക്രോസ് സ്റ്റാഫ്, തിയോഡ ലൈറ്റ്, തിയോഡ ലൈറ്റിന്റെ കമ്പ്യൂട്ടർ രൂപമായ ജി. പി. എസ്. എന്നിവ ഉപയോഗിച്ചാണ് ഇപ്പോൾ സർവ്വെ ചെയ്തുവരുന്നത്. ഇതിൽ ചെയിൻ, ക്രോസ് സ്റ്റാഫ്, തിയോഡ ലൈറ്റ് എന്നിവ ഉപയോഗിച്ച് 1956 മുതലും, ടോട്ടൽ സ്റ്റേഷൻ ഉപയോഗിച്ച് 1998 മുതലുമാണ് സർവെ ചെയ്തുതുടങ്ങിയത്.

(സി) ആന്റ് (ഡി) ഏതുതരം ഉപകരണങ്ങൾ ഉപയോഗിച്ചാണ് സർവെ ചെയ്യേണ്ടതെന്ന് ചട്ടങ്ങളിൽ പറഞ്ഞിട്ടില്ലാത്തതിനാൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് നടപടി കൈക്കൊണ്ടിട്ടില്ല എങ്കിൽ തന്നെയും കമ്പ്യൂട്ടർവൽകൃത ഉപകരണങ്ങൾകൂടി ഉപയോഗിച്ച് സർവെ ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ കേരള സർവെ മാനുവലിൽ ഒരു അദ്ധ്യായംകൂടി ചേർക്കുന്നതിന് ആവശ്യമായ നടപടി കൈക്കൊണ്ടിട്ടുണ്ട്.

(ഇ) സർവെ വകുപ്പിൽ 6,72,15,815 (ആറു കോടി എഴുപത്തിരണ്ടുലക്ഷത്തി പതിനയ്യായിരത്തി എണ്ണൂറ്റിപതിനഞ്ച്) രൂപ ചെലവഴിച്ച് 105 ടോട്ടൽ സ്റ്റേഷനുകളും 59,64,440 (അൻപത്തിയൊൻപതുലക്ഷത്തി അറുപത്തിനാലായിരത്തി നാനൂറ്റിനാൽപതു രൂപ) ചെലവഴിച്ച് രണ്ട് ജി. പി. എസ്സും വാങ്ങിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly